(ബി) അടുത്ത വർഷത്തെ പരീക്ഷയ്ക്ക് സമയമായിട്ടും അത് കൊടുത്തു തീർക്കാതെ കിടക്കുന്നത് എന്തുകൊണ്ടാണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഒരു സെൻറിലേയും ചെലവ് ഇനിയും കൊടുക്കാനില്ല.

(ബി) എ-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: എന്നാണ് ഈ തുക കൊടുത്തതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: തിയതി എൻറെ കൈവശം ഇല്ല. കൊടുത്തുതീർത്തിട്ടുണ്ട്.

ഫീസ് സൗജന്യം

* 1. (എ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ഫീസ് സൗജന്യം നല്കുന്ന വകയിൽ ഏതെല്ലാം കൊല്ലങ്ങളിലെ തുകകൾ ഗവൺമെണ്ടിൽനിന്നും കൊടുത്തുതീർക്കാതെ കിടപ്പുണ്ട്;

(ബി) ഏതെല്ലാം സ്കൂളുകളിലേക്കാണ് ഇനിയും കൊടുക്കാനുള്ളത്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) 1948-49 വർഷത്തെ തുക ബില്ല് അയച്ചുതന്നിട്ടില്ലാത്തതുകൊണ്ട് ഏതാനും സ്കൂളുകൾക്കും ബാക്കിയുള്ളത് എല്ലാ സ്കൂളുകൾക്കും കൊടുത്തുതീർക്കുവാനുണ്ട്.

(ബി) 1948-49 വർഷത്തിലെ തുക എല്ലാ സ്കൂളുകൾക്കും കൊടുക്കാനുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ തുക കൊടുക്കുവാൻ ഇത്ര താമസം വന്നതെന്താണ്?

ശ്രീ. സി. കേശവൻ: അവർ ബില്ല് അയയ്ക്കാത്തതുകൊണ്ടായിരിക്കണം.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഈ താമസം പരിഹരിക്കുവാൻ ഗവൺമെണ്ടിനു് എന്തെങ്കിലും മാർഗ്ഗമുണ്ടോ?

ശ്രീ. സി. കേശവൻ: ബില്ല് അയച്ചു് ക്രമപ്രകാരം പണം കൊടുക്കുകയല്ലാതെ മറ്റു ഒരു മാർഗ്ഗവും സാദ്ധ്യമല്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഇങ്ങനെ താമസം വരുന്നതുകൊണ്ട് കുട്ടികൾ വിഷമിക്കുന്നുണ്ടെന്നും ഇതു സംബന്ധിച്ചു് പല പരാതികൾ ഉണ്ടായിട്ടുണ്ടെന്നും ഗവൺമെൻറിനറിയാമോ?

ശ്രീ. സി. കേശവൻ: ചില പരാതികൾ ഉണ്ടായിട്ടുണ്ട്. കഴിയുന്നതും വേഗത്തിൽ ഈ തുക കൊടുത്തുതീർക്കുവാൻ ഗവൺമെൻറ് ശ്രദ്ധിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly